പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1155** **15-10-2026-ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ നിയോജക മണ്ഡലത്തിലെ തീരദേശ ഹൈവേ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുരുവായൂർ നിയോജകമണ്ഡല പരിധിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** തീരദേശ ഹൈവേയ്ക്ക് 10.07.2017 തീയതിയിലെ G.O(Rt)No. 942/2017/PWD പ്രകാരം 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തൃശ്ശൂർ ജില്ലയിലെ തീരദേശ പാതയുടെ രണ്ടാമത്തെ റീച്ചാണ് വാടാനപ്പള്ളി മുതൽ കടിക്കാട് വരെയുള്ള ഭാഗം. ടി പ്രവൃത്തി മണലൂർ, ഗുരുവായൂർ എന്നീ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നു. ടി പ്രവൃത്തിക്ക് 17.10.2022-ലെ ഭൂമിയേറ്റെടുക്കൽ പ്രവർത്തികൾക്കായി 136.28 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകി. ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിർമ്മിതികളുടെ മൂല്യനിർണയം നടത്തുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ;

**മറുപടി:** റവന്യൂ വകുപ്പ്, തൃശ്ശൂർ ജില്ലാ കലക്ടർ, കിഫ്ബി എന്നിവിടങ്ങളിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാക്കി അന്തിമ മറുപടി ഉടൻ ലഭ്യമാക്കുന്നതാണ്.

**(സി)** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അക്വിസിഷൻ അതോറിറ്റി ആവശ്യപ്പെട്ട ഫണ്ട് കൈമാറി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** ഇതുവരെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾക്കായി കണ്ടിൻജൻസി ഇനത്തിൽ 50 ലക്ഷം രൂപ LA തഹസിൽദാർക്ക് കൈമാറി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**